# ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം
# ഹെഡാഫീസ് : ഇടുക്കി

പി.ബി. നമ്പർ 2, ഇടുക്കി കോളനി പി.ഒ., 685 602
ഫോൺ : 235100, 8547800160 Fax: 04862-235342 E-mail :- dcbidukki@gmail.com

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## സ്ഥാവര വസ്തു വിൽപ്പന പരസ്യം

ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 എന്നിവ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ടി നിയമപ്രകാരം കൈവശമെടുത്തിട്ടുള്ള താഴെ പറഞ്ഞിട്ടുള്ളതും ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളതുമായ വസ്തു വകകൾ വായ്പക്കാരിൽ നിന്നും കിട്ടാനുള്ള താഴെപട്ടികയിൽ പറയുന്ന തുകയും അതിൻമേലുള്ള പലിശയും മറ്റ് എല്ലാ മേലാൽ ചെലവുകളും പലിശയും സഹിതം വസൂലാക്കുന്നതിനുവേണ്ടി ലേലം/ടെണ്ടർ വഴി വാങ്ങാൻ താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. അതോടൊപ്പം തന്നെ താഴെ പറഞ്ഞിട്ടുള്ള തീയതികളിൽ ബന്ധപ്പെട്ട ശാഖയിൽ വച്ച്, കൈവശത്തിലെടുത്തിട്ടുള്ള ഈടുവസ്തുക്കൾ ലേലം നടത്തുന്നതും, ലേല ശേഷം, ലഭിച്ചിട്ടുള്ള ടെണ്ടറുകൾ ലേലത്തിൽ പങ്കെടുക്കുന്നവരുടെ സമക്ഷത്തിൽ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ചെയ്തിട്ടുള്ളവർക്ക് താഴെ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഉറപ്പിച്ചുകൊടുക്കുന്നതുമാണ്.

| ക്രമ നമ്പർ | എസ്. എസ്. നമ്പർ | വായ്പക്കാരന്റെ/ഈടു വസ്തു ഉടമയുടെ പേരും അഡ്രസ്സും | ശാഖ/ വായ്പാ നമ്പർ | 20.08.2019 വരെ ബാങ്കിന് ഈടാകുവാനുള്ള തുക | കൈവശം എടുത്ത തീയതി | റിസർവ്വ് തുക | വസ്തുവിന്റെ വിവരണം | അതിരുകൾ | ലേല തീയതി സമയം സ്ഥലം |
|---|---|---|---|---|---|---|---|---|---|
| 1 | 5159 | ജെ.ജെ. മണർകാട്ട് റിസോർട്സ് ആന്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ് - കുമളി-ക്കു വേണ്ടി<br>(1) ശ്രീ. ജോസഫ് ജോസഫ് മാനേജിംഗ് ഡയറക്ടർ,<br>(2) ശ്രീ. രാജേഷ് ജോസഫ് ഡയറക്ടർ<br>(3) ശ്രീ. സുമേഷ് ജോസഫ് ഡയറക്ടർ<br>(4) ശ്രീ. മികേഷ് ജോസഫ് ഡയറക്ടർ | കുമളി മെയിൻ<br><br>120156026700023<br>120156026700024<br>120156026700025<br>120156026700026 | 7,91,62,955/-<br>4,10,02,852/-<br>5,07,85,051/-<br>5,69,61,892/-<br>22,79,12,750/-<br>=========== | 02.04.2019 | 22,78,00,000 | ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ, പെരിയാർ വില്ലേജിൽ സർവ്വേ നമ്പർ 164 ൽ ഉൾപ്പെട്ട 7.50 ഏക്കർ സ്ഥലവും, III/19 BCDE, III/19A, III/19 A-24 നമ്പർ കെട്ടിടവും സകല വകകളും കുഴുകൂറ് ചമയങ്ങളുമാകുന്നു. | വടക്ക്: ചുരക്കുളം കോഫീ എസ്റ്റേറ്റ്<br>തെക്ക്: എൻ.എച്ച്.220<br>കിഴക്ക്: ചുരക്കുളം കോഫീ എസ്റ്റേറ്റ്<br>പടിഞ്ഞാറ്: ട്രോപിക്കൽ പ്ലാന്റേഷൻ | **10.10.2019**<br>രാവിലെ 11.00 മണിക്ക്<br>കുമളി മെയിൻ ശാഖയിൽ വച്ച് |

............2

**ദർഘാസ്/ലേല വിൽപ്പനയുടെ വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ നിരത ദ്രവ്യമായി Rs. 10,000/- (പതിനായിരം രൂപ മാത്രം) അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ലേലം ആരംഭിക്കുന്നതിനു മുൻപായി അടക്കേണ്ടതാണ്.

2. ക്വട്ടേഷനുകൾ "ടെണ്ടർ ഫോർ പ്രോപ്പർട്ടി" എന്ന് എഴുതി ഒട്ടിച്ച കവറിൽ ലേല തീയതിയുടെ മുൻപുള്ള പ്രവർത്തി ദിവസം വൈകിട്ട് 5 മണിക്ക് മുൻപായി ഓഥറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. **(ടെണ്ടർ കവറുകൾ ലേല തീയതികളിൽ നിശ്ചിതസമയത്ത് ആരംഭിക്കുന്ന ലേലത്തിന് ശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തുറക്കുന്നതും, കൂടുതൽ തുക ലേലം കൊണ്ടിട്ടുള്ള അല്ലെങ്കിൽ ക്വട്ടേഷൻ നൽകിയിട്ടുള്ള വ്യക്തിക്ക് ഉറപ്പിച്ചു നൽകുന്നതുമാണ്.)**

3. വിൽപ്പന വസ്തുവിന്റെ ഇപ്പോഴിരിക്കുന്ന അതേ അവസ്ഥയിൽ (As is where is and Whatever there is condition) ആയിരിക്കുന്നതും വിൽപ്പനയിൽ ഉണ്ടാകുന്ന കാലതാമസത്തിനോ വസ്തുവിൽ ഉണ്ടായേക്കാവുന്ന നിയമപരമായ ബാദ്ധ്യതകൾക്കോ ബാങ്കിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും ആകുന്നു. ബാങ്കിന്റെ അറിവിൽ ഇപ്പോൾ ഇതിൻ മേലുള്ള ബാദ്ധ്യത ബാങ്കിന് കിട്ടാനുള്ള പണം മാത്രമാകുന്നു.

4. വിൽപ്പന വസ്തു റിസർവ്വ് തുകയിൽ കുറച്ചു വിൽക്കുന്നതല്ലായിരിക്കും.

5. ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം ലേലത്തിൽ വിജയിക്കുന്ന ആൾ അല്ലെങ്കിൽ കൂടുതൽ തുകക്ക് ക്വട്ടേഷൻ നൽകിയിട്ടുള്ള വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 25% തുകയിൽ നിന്നും നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക ഉടനെ കെട്ടി വയ്ക്കേണ്ടതും ബാക്കി തുക 15 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തിയാൽ ടിയാന് നിരത ദ്രവ്യവും അടച്ച തുകയും നഷ്ടപ്പെടുന്നതും പ്രസ്തുത വസ്തു ഉടൻ തന്നെ പുനർലേലം നടത്തുന്നതും ആയിരിക്കും. മറ്റുള്ള ലേലക്കാർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതുമായിരിക്കും.

6. ലേലത്തിൽ വിജയിക്കുന്ന ആൾ വസ്തുവിന്റെ കൈമാറ്റത്തിന് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, ടാക്സുകൾ മുതലായ ചെലവുകൾ സ്വയം വഹിക്കേണ്ടതാണ്.

7. വസ്തുവിന്റെ വിൽപ്പന ബാങ്കിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ നിരസിക്കാനോ, ലേലം അസ്ഥിരപ്പെടുത്തുന്നതിനോ നീട്ടി വയ്ക്കുന്നതിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. മുൻകൂട്ടി അറിയിച്ചതിനുശേഷം എല്ലാ പ്രവർത്തി ദിവസങ്ങളിലും പകൽ 10 മണിക്കും 5 മണിക്കും ഇടയിൽ വസ്തു വകകൾ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാതു ശാഖാ മാനേജർമാരുമായോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനുമായോ ബന്ധപ്പെടാവുന്നതാണ്.

9. ഉയർന്ന തുകയ്ക്ക് ലേലം കൊള്ളുകയും എന്നാൽ ടി തുകയുടെ 25% തത്സമയം അടക്കാതെയും വന്നാൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതും വസ്തു ഉടൻ തന്നെ പുനർലേലം നടത്തുന്നതുമാണ്.

10. ലേല ദിവസം ആകസ്മികമായി അവധി ദിവസം വരുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ സമയത്തു തന്നെ ലേലം നടത്തുന്നതായിരിക്കും.

ഫോൺ : കുമളി മെയിൻ ശാഖ 8547800116 : അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 8547800154 : ഹെഡാഫീസ് : 8547800100

(ലേല പരസ്യം ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.idukkidcb.in - ൽ ലഭ്യമാണ്.)

ഒപ്പ്
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

സ്ഥലം: ഇടുക്കി കോളനി
തീയതി: 20.08.2019